# Browse

## littlekites

## digital magazine

st.josephs c.g.h.s kottayam
school code:33043

# content


* അറിവിന്റെശക്തി
*ഭാരതം
*beautiful butterflies
*ചുവന്നപൂവിലെ.........
*ecotourism
*എന്റെ അമ്മ
*എന്റെ ഗുരുനാഥ
*ഗാന്ധിജി
*ജനറൽ നോളജ്
*കടംകഥകളും ഉത്തരങ്ങളും
*കനവ്
*കുസൃതിക്കുരുക്ക്
*മഴ എത്ര
* My Childhood dream
_* MY SWEET SISTER
*പുലിയെ പറ്റിച്ചേ......
_* സത്യമേ ജയം
_* സുഹൃത്ത്
_* വർണ്ണസുരഭിയാം പ്രകൃതി

# അറിവിന്റെ ശക്തി



അറിവിന്റ്ശക്തി, അതു വാക്കുകൾക്കപ്പുറമാണ്.
ഏതൊരുവനാണ അവനിഷ്ടപ്പെട്ട വിദ്യയിൽ

പരമാവധി ജ്ഞാനം നേടിയത് , പ്രാഗത്ഭ്യം തെളിയിച്ചത് ആ അറിവ് അവന് എപ്പോഴും ഒരു രക്ഷാ കവചമായി വർത്തിക്കും. അന്നും ഇന്നും അറിവുള്ളവരെ ആദരിക്കുകയെന്നത് നമ്മുടെ സംസ്കാരത്തിന്റെ മുഖമുദ്രയാണ്. അറിവ് ഒരുവനെഅവന്റെ പ്രായത്തിനതീതമായ വിവേകമുള്ളവനാക്കുന്നു.

## ഭാരതം

ഭാരതമണ്ണിൽ വിടരും ഓരോ

പൂക്കളായി നാം വളരാം

ഭാരതമണ്ണിൽ പൊഴിയും ഓരോ

നൻമയായി നാം വളരാം

ഭാരതം അതു ഭാരതം

ജനനി ഭാരത

ഗംഗ ,യമുന,ബ്രഹ്മപുത്ര

നദി തീരങ്ങൾ അലതല്ലും ഭാരതം

മഹാന്മാരാൽ പൊരുതി ജയിച്ച

പൊന്നിൻ വിളവുള്ള ഭാരതം

ഐക്യം, ധർമ്മം.സത്യം

പൂത്തുലയും ഭാരതം

ഭരണയന്ത്രം അതുമാറ്റി ദേശസ്നേഹം

ഉളവാകണം

ദേശീയ  ഐക്യം കൈവരുമ്പോൾ

ഭാരത മണ്ണ് പൂവണിയും

*Beautiful*



# *Butterfly*

*Oh!Butterfly, how beautiful you are!*
*Who gave you wonderful colours?*
*Who drew  Marvellous picture*
*Oh your wings ?*
*Who gave you such a sharp*
*Glittering horn too ...... honey from flowers ?*
*Oh ! My little butterfly*
*Spread your beauty to theworld*



# ചുവന്ന പൂവിലെ രാജകുമാരൻ

***പണ്ട് റഷ്യയിലെ ഒരു വ്യാപാരിക്ക് മൂന്ന് പെൺമക്കളുണ്ടായിരുന്നു.ആ വ്യാപാരി ഒരു***

***ദൂരയാത്രയ്ക്കൊരുങ്ങിയ വ്യാപാരി ചോദിച്ചു ഞാൻ പോയിട്ട് വരുന്പോൾ എന്റേറ്റ് മക്കൾക്ക് എന്താണ് വേണ്ടത്.മൂത്ത മകൾ പറഞ്ഞു എനിക്ക് ഒരു മാല മതിയെന്ന്. രണ്ടാമത്തെയും മകൾ പറഞ്ഞു എനിക്ക് വള മതിയെന്ന്.മൂന്നാമത്തെ മകൾ പറഞ്ഞു എനിക്ക് ഒരു ചുവന്ന സ്കാർലറ്റ് കൊണ്ടു വരാമോ?ഇളയമകൾ വിനയത്തോടെ അച്ഛനോട് ചോദിച്ചു.അങ്ങനെആ വ്യാപാരി യാത്രയായി.മൂത്തമകൾ പറഞ്ഞ മാല കിട്ടി. രണ്ടാമത്തെ മകൾ പറഞ്ഞ വള കിട്ടി.ഇളയമകൾ പറഞ്ഞ സ്കാർലറ്റ് പൂവ് മാത്രം കിട്ടിയില്ല.ആ വ്യാപാരി വിഷമത്തിലായി.അയാൾ കുറേ അന്വേഷിച്ചു നടന്നു കിട്ടിയില്ല. അയാൾ നോക്കി നോക്കി പോയി അപ്പോൾ ഒരു വലിയ കൊട്ടാരത്തിൽ കണ്ടു ഈ ഇളയമകൾ പറഞ്ഞ സ്കാർലറ്റ് പൂവ് അയാൾ പറിച്ചു.ആ വ്യാപാരിക്ക് സന്തോഷമായി.പെട്ടെന്ന് ഒരു അലർച്ച കേട്ടു. ഒരു രാക്ഷസന്റെ. ആ വ്യാപാരി പേടിച്ചു.ആ രാക്ഷസൻ ചോദിച്ചു.എന്തിനാണ് ഈ പൂക്കൾ പറിക്കുന്നത്.***

***ആ വ്യാപാരി കാര്യങ്ങൾ എല്ലാം പറഞ്ഞു.ആ രാക്ഷസൻ പറഞ്ഞു.ആ പെൺകുട്ടി ഈ കൊട്ടാരത്തിൽ***

വന്നു താമസിക്കണം.ആ വ്യാപാരി മകളോട് ചെന്ന് പറഞ്ഞു.ആ മകൾ സമ്മതിച്ചു. അച്ഛാ ഞാൻ ആ രാക്ഷസന്റെ കൊട്ടാരത്തിലേക്ക് പോകാം. ആ പെൺകുട്ടി കൊട്ടാരത്തിലേക്ക് യാത്രയായി. ആ കൊട്ടാരത്തിൽ ചെന്നു. ആ പെൺകുട്ടിയുടെ സ്വഭാവം ഇഷ്ടമായി. ആ കുട്ടിക്ക് നല്ല ആഹാരം കൊടുത്തു. അങ്ങനെ ദിവസങ്ങൾ കടന്നു പോയി. പെട്ടെന്ന് വിളി വന്നു. അച്ഛന് പരുക്ക് പറ്റിയിരിക്കുന്നു. ആ കുട്ടി രാക്ഷസനോട് പറഞ്ഞു.എനിക്ക് ഉടനെ വീട്ടിൽ പോകണമെന്ന്. രാക്ഷസൻ സമ്മതിച്ചു. പക്ഷെ വൈകുന്നേരത്തിനു മുന്പ് വന്നില്ലെന്കിൽ ഞാൻ മരണപെടുമെന്ന് രാക്ഷസൻ പറഞ്ഞു. പെൺകുട്ടി സമ്മതിച്ചു. ഈ പറയുന്നത് ഇവളുടെ സഹോദരിമാരും കേൾക്കുന്നുണ്ടായിരുന്നു.അവർ സമയം തെറ്റായി വെച്ചു. അങ്ങനെ സമയം എത്തി. അവൾ കൊട്ടാരത്തിലേക്ക് പുറപ്പെട്ടു.അവിടെ രാക്ഷസൻ മരിച്ചു കിടക്കുന്നു .അവൾ കരയാൻ തുടങ്ങു.അവളുടെ കണ്ണീർ ആ രാക്ഷസന്റെ ദേഹത്ത് പറ്റി.പെട്ടെന്ന് ആ രാക്ഷസൻ ഒരു രാജകുമാരനായി മാറി. അവർ സുഖമായി ജീവിച്ചു.




# ECO TOURISM
# LET'S TRAVEL
# CLOSER TO NATURE

Teeming with the mesmerizing variety of landscapes and wild life, the natural world draws thrill – seekers and vacationers who wish to explore nature in the raw, adventure into its untamed

jungles , tre𝕜 through its deep canyons or conquer its towering pea𝕜s! ℝewarding and rejuvenating , a vacation in ℕature's lap also brings with it a ris𝕜 of the degradation of our fragile natural environs. 𝕆ne such place which lures thousands of tourists and hi𝕜ers each your is the ℍimalayas. 𝕀n the past, heavy foot traffic in the ℍimalayas brought unmanageable amount of garbage, and its clean up became a formidable tas𝕜 𝕆wing to the lac𝕜 of transportation and recycling facilities in

the area.

𝔼cotourism in an ecofriendly  way of discovering nature. 𝕀t is a form of tourism that involves responsible travelling if fragile and relatively unspoiled natural areas, especially to support conservation efforts and observe flora and fauna.𝔼cotourism offers a travelling experience li𝕜e no other by givineg us an opportunity to contribute to enviromental conservation besides bringing us closer to nature.𝕊o the next time you go bac𝕜pac𝕜ing or

exploring nature – ma𝕜e yourself stand out from the crowd  - be an ctourist!

# എന്റെ അമ്മ

അമ്മിഞ്ഞപ്പാലൂട്ടി വളർത്തിയെന്നമ്മ
അമ്മയാണെൻ സൗഭാഗ്യം
ദൈവമാണെന്‍് അമ്മ
സ്നേഹമാണെന്‍് അമ്മ
നല്ല പാഠങ്ങൾ    എന്നെ പഠിപ്പിച്ചൂ
നന്മയുടെ വഴികളിൽ എന്നെ പഠിപ്പിച്ച

ആദ്യ ഗുരുവാണെന്നമ്മ
ദുഖങ്ങളിലും  സന്തോഷങ്ങളിലും
എന്റെ കൂടെ നിൽക്കുന്നവളാണ് എന്നമ്മ
ദൈവചൈതന്യം നിറഞ്ഞവളാണ്  എന്നമ്മ
അമ്മയാണെൻ ദൈവം
അമ്മയാണെൻ ഗുരു
അമ്മയാണെൻ ശ്വാസം
അമ്മയാണെൻ ജീവൻ

# എന്റെ ഗുരുനാഥ

എന്നും ഒരു പുഷ്പമായ്
എന്നിൽ വിടരുന്ന
എൻ പുഷ്പവസന്തമാണെൻ
ഗുരുനാഥ




എൻ കുഞ്ഞുമനസ്സിലെ -
നൊമ്പരങ്ങളിൽ

നറുമണം നൽകുന്നിതെൻ-

ഗുരുനാഥ

എന്നും ഒരു പുഷ്പമായ്

എന്നിൽ വിടരുന്ന

എൻ പുഷ്പവസന്തമാണെൻ ഗുരുനാഥ

എൻ കുഞ്ഞുമനസ്സിലെ -

നൊമ്പരങ്ങളിൽ

നറുമണം നൽകുന്നിതെൻ-

ഗുരുനാഥ



# ഗാന്ധിജി

മഹാത്മാവാണ് ഗുരുനാഥനാണ്

നന്മ നിറഞ്ഞ മനസ്സുമാണ്

ശാന്തി ദൈവമായും അഹിംസ വ്രതവുമായും

ത്യാഗം നേട്ടമായും താഴ്മ ഉന്നതിയായും

കണ്ട ഗുരുനാഥനാചാര്യൻ
സമസ്വച്ഛമല്ലയോ വിഹായസ്സമല്ലയോ
കർമ്മയോഗിയുമല്ലയോ എൻ ഗുരുനാഥൻ

## ജനറൽ നോളജ്



1. വാന്തറലിയോ ഏത് ജീവിയുടെ ശാസ്ത്രീയ നാമമാണ്?

ഉ:സിംഹം

2. പത്മഭൂഷൻ നിരസിച്ച കേരളീയൻ?

ഉ.കെ. കേളപ്പൻ

3. ലോകത്തിലെ ആദ്യത്തെ മൃഗശാല

എവിടെ?

ഉ.ചൈനാ

4.ശാസ്ത്രദിനം എന്നാണ്?

ഉ.ഫെബ്രുവരി 28

5.ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള സംസ്ഥാനം ഏത്

ഉ.ഉത്തർ പ്രദേശ്

# കടംകഥകളും ഉത്തരങ്ങളും

1.മുറ്റത്തെ ചെപ്പിനടപ്പില്ല – കിണർ

2.ഒരാൾക്ക് രണ്ടു തലേക്കെട്ട് -ഉലക്ക

3.ഒരു കുന്നിന് രണ്ടു കുഴി -മൂക്ക്

4.പാൽപ്പുഴയിൽ കരിമീൻ - കണ്ണ്

5.ഞെട്ടില്ലാ വട്ടയില - പപ്പടം

# കനവ്

മഴ മനസ്സിൽ താളമിടുന്നു
മഴയുടെ ചന്തം നമ്മെയുണർത്തും
മഴയിൽ കുളിച്ചു നടക്കും നമ്മൾ
മഴയുടെ കുളിരിൽ അലിഞ്ഞിടുന്നു
മഴ മനസ്സിന് കുളിരേകുന്നു
മഴ പെയ്യുമ്പോൾ എന്റെ മനസ്സ്
നിറഞ്ഞിടുന്നു
മഴയെൻ മനസ്സിലെ കനവാകുന്നു

ആര്യ ജയൻ
7 C







# കുസൃതികളുടെ

1. ഗാന്ധിജി കാണാത്ത ഇന്ത്യ- മിസ്സ്
2. ഭാഗ്യമിപ്പോൾ എന്നറിയപ്പെടുന്ന രാജ്യം ഏത് -ലക്ക്നൗ
3. താജ്മഹൽ നിർമ്മിച്ചതാര്-തൊഴിലാളി
4. നിൽക്കുന്ന അക്ഷരമേത്- ക്യൂ
5. കുതിരയിലും മുതിരയിലും കാണുന്നത്-തിര
6. മധുരമുള്ള കണ്ടം-കൽക്കണ്ടം
7. കായമുണ്ടാകുന്ന കുളം- കായംകുളം
8. ഇരുട്ടിൽ സഞ്ചരിക്കുന്ന ജീവി-കള്ളൻ
9. കടയിൽ കിട്ടാത്ത റേഷൻ-ഓപ്പറേഷൻ
10. സ്വന്തമായി കസേരയുള്ള മാൻ-ചെയർമാൻ

# മഴ എത്ര സുന്ദരം...



ചന്നിച്ചീറി  പെയ്ത മഴ
ചറ പറ നാദത്തോടെ മഴ
തവളകൾ ആർപ്പുവിളിക്കുന്നു
മരങ്ങൾ നൃത്തമാടുന്നു
കാർമേഘങ്ങൾ തുള്ളുന്നു
മഴവില്ലഴക് വിടർത്തുന്നു
മയിലുകളാനന്ദ നൃത്തമാടുന്നു
മഴ മഴ മഴ മഴ എന്തു രസം

# മഴ

മഴയിലുലാവുന്ന മന്‌ദ്ര സംഗീതമായ്
എൻ മനമിതാ ചാ ◌ാട്ടുന്നു
മനസ്സിലുണരുന്ന മൗനത്തിൽ
തൂവൽ സ്‌പർശമായ്
മഴ എന്നിൽ നിറയുൻപോൾ
ഓർത്തുപോകുന്നു ഞാനെൻ ബാല്യം
കളിചിരിയിൽ നിറഞ്ഞ കനക
പൂന്തോണിയിൽ തുള്ളിയായ്
പെയ്യുന്ന മഴയെന്നെ നോക്കിച്ചിരിച്ചു.

# My Childhood dream

Went into a deep sleep,
And I dont know why;
I once dream that,
I am flying in the sky.
Birds that went by my side
Make amazing voices and cried
Trees above which I flew,
were standing with great branches wide
There was joy all the way,
I wanted my dream to stay;
But suddenly I heard my mothers say;
"Wake up! Its your school day!"



As dreams are dreams,
They never true ;
But I remembered my dream
even after I grew

# MY SWEET SISTER

My sister name is Arya Prasad. She is an engineering student. She is studying well. She love me very much. She is my best friend also . I tell everything to my sister and she also tells me all her problems. We share everything that happen in our life. She helps me for

studying and all other things.

She is like a mother for me. When my mother beats me then she tells my mother not to beat me. She is my best friend for ever and also she is a good sister.

She always wears simple dress. She is my role model. I am proud of my sister because she is very intelligent and has got a good character. This is my sweet sister.

പ്രകൃതിയാണെന്നമ്മ
ലോകമാണെന്റ് സ്നേഹം
ദൈവത്തിൻനിറകുടം നിറഞ്ഞ ഈ
ലോകം നമ്മുടേതാണ്

പച്ചകിരീടം അണിഞ്ഞ
അമ്മയാണ് പ്രകൃതി
നന്മയായ ലോകം എന്റെ അമ്മയാണ്
ഈ ലോകം സ്നേഹമാണ്

പ്രകൃതിയാണെന്റെ അമ്മ
ലോകമാണെന്റെ സ്നേഹം
ദൈവത്തിന്റെ നിറകുടം നിറഞ്ഞ
ഈ ലോകം നമ്മുടേതാണ്

ഒരു ദിവസം ഒരു അറബി തന്റെ ഒട്ടകത്തിന്റെ പുറത്ത് സാധനങ്ങൾ കയറ്റി കെട്ടിച്ചു. കയറ്റാവുന്നത്ര ഭാരതം കയറ്റിക്കഴിഞ്ഞപ്പോൾ അറബി ഒട്ടകത്തിനോട് കുശലം ചോദിച്ചു :"എടാ, നീ മല കയറാനാണോ ഇറങ്ങാനാണോ ഇഷ്ടപ്പെടുന്നത്?"

ഒട്ടകം ഉടൻ മറുപടിയായി മറ്റൊരു ചോദ്യം ചോദിച്ചു :"യജമാനാ, ആരെന്കിലും

സമതലത്തിലൂടെ കുറുകെയുള്ള വഴി തടഞ്ഞിരിക്കുകയാണോ ?''

ശരിയായ, അനായാസമായ നല്ല വഴി കിടക്കുമ്പോൾ എന്തിനാണ് വിഷമമുള്ള വഴി തെരഞ്ഞെടുക്കുന്നത്? അതായിരുന്നു ഒട്ടകത്തിന്റെ ശരിയായ സംശയം. അറബി അതുകേട്ടു വായടച്ചു.

*Oh my teachers*

*each one of you are so special to us.*

*From our beginning you leads us...*

Besides teaching you
gives us lot of things.
Teachers advise is not boring
Its loveable for us
Our teachers are pots of love.
They give it to us
It is so sweet to us
When we receive it from them.
Teachers believe that
we are their own children thats true.

*We are working hard*

*to make them happy.*

*Oh my teachers*

*each one of you so special to us*

**പുലിയെ പറ്റിച്ചേ......**

ഒരിക്കൽ ഒരു കാട്ടിൽ ഒരു പാവം മുത്തശ്ശി ജീവിച്ചിരുന്നു.ആ മുത്തശ്ശി ഒരു ദിവസം പായസം വെച്ചു.പായസത്തിന്റെ മണമടിച്ച് ആ കാട്ടിലെ ഭീകരനായ പുലി അമ്മൂമ്മയുടെ അടുത്തെത്തി."നല്ല പായസത്തിന്റെ മണം വരുന്നുവല്ലോ നിങ്ങൾ ഉണ്ടാക്കിയതല്ലേ ഈ

പായസം?"എന്ന് പുലി ചോദിച്ചു.
അമ്മൂമ്മ പേടിച്ച് വിറച്ച് കാര്യം പറഞ്ഞു.
"ഞാൻ ഇപ്പോൾ കുറച്ച് പായസം മാത്രമേ ഉണ്ടാക്കിയിട്ടുള്ളൂ.നാളെ ഞാൻ ഇതുപോലുള്ള പായസം വെച്ചുതരാം"എന്ന് അമ്മൂമ്മ പറഞ്ഞു.
അമ്മൂമ്മയുടെ വാക്ക് വിശ്വസിച്ച് പുലി പോയി.അമ്മൂമ്മ പറഞ്ഞ ദിവസം പുലി വന്നു.അമ്മൂമ്മയുടെ പായസം കുടിക്കാൻ പുലി വരുകയാണ്.പക്ഷേ അമ്മൂമ്മ പുലിയെ പറ്റിക്കാൻ മുളകുവെള്ളമാണ് ഉണ്ടാക്കിയത്.പുലി പായസം ചോദിച്ചപ്പോൾ അമ്മൂമ്മ ആ മുളകുവെള്ളമെടുത്ത് പുലിയുടെ മുഖത്തേക്ക് ഒഴിച്ചു.പുലി ജീവനുംകൊണ്ട്

ഓടി.

അമല മരിയ

8 B

# സത്യമേ ജയം



ഒരു രാജാവിന് നാല്

ആൺമക്കൾ ഉണ്ടായിരുന്നു.

രാജാവ് തന്റെ രാജഭരണം നാല് മക്കളിൽ ആർക്കാണ് ഭരിക്കാൻ അർഹതയുള്ളത് എന്ന്

മനസ്സിലാക്കാൻ ഒരു തന്ത്രം കണ്ടെത്തി.നാല് മക്കളുടെ കൈയ്യിലും നാല് വെവ്വേറെ ചെടികളുടെ

വിത്തുകൾ കൊടുത്തു."ഞാൻ ഒരു യാത്രപോവുകയാണ്.ആറ് മാസം കഴിഞ്ഞേ തിരികെവരുകയുള്ളൂ. ഓരോരുത്തരും അതിനകം ഈ വിത്തിനെ നട്ട്,ചെടിയായി വളർത്തി വെയ്ക്കണം.അത് കണ്ടശേഷം ആർക്കാണ് രാജഭരണം എന്ന് ഞാൻ തീരുമാനിക്കും"എന്ന് പറഞ്ഞ് രാജാവ് യാത്ര തുടർന്നു.ആറ് മാസം കഴിഞ്ഞ് രാജാവ് കൊട്ടാരത്തിൽ എത്തിയപ്പോൾ മൂന്ന് ചെടികൾ നല്ല മനോഹരമായി പൂത്തു നിന്നു. നാലാമത്തെ വിത്ത് മാത്രം നട്ടതുപോലെ തന്നെയിരുന്നു.മുളച്ചില്ല.മുളച്ച ചെടികളുടെ അവകാശികളായ മൂന്ന് മക്കളും രാജഭരണം എനിയ്ക്കാണെന്ന് പറഞ്ഞ് തർക്കം ഉണ്ടാക്കി . പക്ഷേ രാജാവോ മുളയ്ക്കാത്ത വിത്തിന് അവകാശി ആരാണോ അവനാണ് രാജകൊട്ടാര ഭരണം എന്ന് ആജ്ഞാപിച്ചു.കൊട്ടാരത്തിൽ ഉള്ളവർ അത്ഭുതപ്പെട്ടു! രാജാവ് പറഞ്ഞു : “ഞാൻ തന്നെ നാല് വിത്തുകളും വേവിച്ച വിത്തുകളാണ്.വേവിച്ച

വിത്തുകൾ മുളയ്ക്കില്ല. മനോഹരമായി വളർന്ന മൂന്ന് ചെടികളും വേറെ മോഷണച്ചെടികളാണ്. മുളയ്ക്കാത്ത വിത്തിന് വെള്ളം ഒഴിച്ച് നോക്കിക്കൊണ്ടിരുന്നവനാണ് സത്യവാൻ!” അടുത്ത നിമിഷം തന്നെ തന്റെ രാജകിരീടം മാറ്റി സത്യവാന്റെ തലയിൽ വെച്ചു രാജാവ് .

ഗുണപാഠം:" ഉയർച്ചയ്ക്ക് ആവശ്യമായ ആദ്യഗുണം സത്യമാണ് "

# HAVE WE BECOME SLAVES OF TECHNOLOGY



*Technology was supposed to reduce work and give more leisure time. The effect  has to reduce work and give more leisure time. The effect has been just the opposite. Technology takes more time from us than it slaves.*

*Leisure is not a lifestyle , it's a business. As things speed up,we have less time to relax and the solution is to pack more intense pleasures into less time maximise the precious little time we have .The speed of leisure time exceeds that of work . We want to get back to work .Just so that we can relax.*

*We are using technology to solve the problem of humanity not being enslaved by it. Technology by itself is not to blame because it is people who hold nothing scared.*

# സുഹൃത്ത്



എനിക്കറിയില്ല ഒരു നല്ല
സുഹൃത്താരെന്ന്,
ഞാൻ തിരഞ്ഞു ലോകമെങ്ങും
എന്കിലും കണ്ടെത്താനായില്ല
ഒരു നല്ല സുഹൃത്തിനെ
ചോദിച്ചു ഞാനമ്മയോട്,
ഒരു നല്ല സുഹൃത്താരെന്ന്
എന്നമ്മ പറഞ്ഞു, അന്ത്യംവരെ കൂടെ നിൽക്കും
ദൈവമാണെഥാർത്ഥ സുഹൃത്ത്

# The Crow, who Pretended




Once a crow saw a peacock .
He wanted himself to look like the peacock . So he gathered some peacock's feather and stuck them on his own. He looked very funny. Then he joined a party of peacock, but they did not take notice of him. So he went back to his friends, the crows . They also did not take notice of him. He became very sad, and he had no friends.

Moral: We should never pretend to be what we are not.

# വർണ്ണസുരഭിയാം പ്രകൃതി

എൻ വർണ്ണസുരഭിയാം പ്രകൃതി
പച്ചപ്പുകൾ,പക്ഷികൾ,മൃഗങ്ങൾ
എല്ലാം നിറഞ്ഞൊരീ വീടാണീ പ്രകൃതി

മനുഷ്യൻ ചെയ്യേണം പ്രത്യുപകാരം
ഭൂമിയിൽ സമൃദ്ധി വിളയിക്കണം
സ്നേഹിക്കു പ്രകൃതിയെ മനമറിഞ്ഞ്
സംരക്ഷിക്കു പരിപാലിക്കു യഥേഷ്ടം

# യാത്രാനുഭവം



എനിക്ക് മറക്കാൻ കഴിയാത്ത ഒരോർമ്മയാണ് അന്നത്തെ ആ യാത്ര. അന്ന് ഞാനും എന്റെ കുടുംബവും ഞങ്ങൾ താമസിക്കുന്ന സ്ഥലത്തെ അയൽക്കാരുമെല്ലാരുമൊത്താണ് വിനോദയാത്രയ്ക്ക് പോയത്. ഞങ്ങൾ ആദ്യം ചെന്നത് വേളാംകണ്ണി പള്ളിയിലേക്കായിരുന്നു. വഴിയിലൂടെയുള്ള കാഴ്ച എനിക്ക് കുളിർമയേകി. ഞങ്ങൾ പള്ളിയിൽ നിന്നും ഇറങ്ങി കടൽ കാണാൻ പോയി. ഓളം തല്ലി വരുന്ന തിരമാലകൾ കാണാൻ എന്തു രസമാണ്! ഞങ്ങൾ അവിടെ നിന്നും നേരെ പോയത് കൊടൈക്കനാലിലേക്കായിരുന്നു. ഒരു ദിവസം രാത്രിയിലായിരുന്നു ഞങ്ങൾ അവിടെ ചെന്നെത്തിയത്. ഞങ്ങളെല്ലാം ഹോട്ടലിൽ താമസിച്ചശേഷം പിറ്റേദിവസം യാത്ര തുടങ്ങി. ഭയംകര തണുപ്പായതിനാൽ ഞങ്ങളെല്ലാവരും സെറ്റർ

ഇട്ടായിരുന്ന യാത്ര മുഴുവൻ . ഞങ്ങൾ അവിടെ കുതിരസവാരിയും, സൈക്കിൾസവാരിയും നടത്തി. അവിടെ നിന്നും കായലിലൂടെ കുറച്ച് നേരം ബോട്ടിൽ സഞ്ചരിച്ചു. ഉച്ചയൂണിന് ശേഷം ഞങ്ങൾ അവിടെ നിന്നും മടങ്ങി. പിന്നെ നേരെ പോയത് പഴനിയിലേക്കായിരുന്നു. ഞങ്ങളെല്ലാവരും ക്ഷേത്രത്തിൽ തൊഴാൻ പോയി. ക്ഷേത്ര പരിസരമെല്ലാം ചുറ്റിക്കറങ്ങി വന്നതിനു ശേഷം അച്ഛൻ ഞങ്ങൾക്കെല്ലാം ഉപ്പും മുളകുമിട്ട മാങ്ങയും പേരക്കയുമെല്ലാം വാങ്ങിത്തന്നു . സന്ധ്യയോടെ ഞങ്ങൾ അവിടെ നിന്നും വീട്ടിലേക്ക് തിരിച്ചു . വണ്ടിയിലെ പാട്ടിനും ബഹളത്തിനുമൊപ്പം ഞാനും കൂടി . നേരം പുലർന്ന് അഞ്ചു മണിയോടെ ഞങ്ങളെല്ലാവരും വീട്ടിൽ തിരിച്ചെത്തി . രണ്ടു ദിവസത്തെ ഈ യാത്ര എനിക്ക് വളരെയധികം ഇഷ്ടപ്പെട്ടു. ഈ നിമിഷങ്ങൾ അവസാനിക്കാതിരുന്നെങ്കിൽ ! എന്ന് എനിക്ക് തോന്നിപ്പോയി . ഇതുപോലെ എല്ലാവരുമൊത്തൊരു യാത്ര ഇനിയും വന്നു ചേരട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു.